*Minister for Works* (**Shri T.K.Divakaran**):

(*a*) No.

(*b*) Does not arise.

(*c*) This has not been considered so far.

പെട്രോളിയം നിക്ഷേപങ്ങൾ

* 260 [918] ശ്രീ. എൻ. ഐ. ദേവസ്സിക്കുട്ടി : താഴെ കാണുന്ന ചോദ്യങ്ങൾക്ക് വ്യവസായമന്ത്രി സദയം മറുപടി നൽകുമോ :

(എ) കേരളത്തിൽ എവിടെയെങ്കിലും പെട്രോളിയം നിക്ഷേപങ്ങൾ കണ്ടെത്തിയതായി ഗവൺമെൻറിനു വിവരം ലഭിച്ചിട്ടുണ്ടോ ;

(ബി) ഉണ്ടെങ്കിൽ എവിടെയെല്ലാമാണ് ;

(സി) ഗവൺമെൻറ് ഇക്കാര്യത്തിൽ ഇതുവരെ എന്തൊക്കെ നടപടികളാണ് കൈക്കൊണ്ടിട്ടുള്ളത് ?

വ്യവസായമന്ത്രി (ശ്രീ. ടി. വി. തോമസ്):

(എ) ഇല്ല.

(ബി) ഉദിക്കുന്നില്ല.

(സി) കേരള സർവ്വകലാശാലയുടെ ഓഷ്യാനോഗ്രാഫിക്ക് ലാബറട്ടറി മുഖേന എണ്ണനിക്ഷേപ ഗവേഷണം നടത്തുന്നതിന് നടപടി എടുത്തിട്ടുണ്ട്. ഇതുപോലെതന്നെ കേന്ദ്ര ഗവൺമെൻറിനോടും ആവശ്യപ്പെട്ടിട്ടുണ്ട്.

കസാബാ ഇൻഡസ്ട്രീസ്

* 261 [920] ശ്രീ. കെ. ജി. കുഞ്ഞുകൃഷ്ണപിള്ള : താഴെ കാണുന്ന ചോദ്യങ്ങൾക്ക് വ്യവസായമന്ത്രി സദയം മറുപടി നൽകുമോ :

(എ) തിരുവനന്തപുരം ജില്ലയിൽ കസാബാ ഇൻഡസ്ട്രീസിനു വേണ്ടി പാലോട്ട് റിസർവു ചെയ്തിരിക്കുന്ന സ്ഥലത്ത് എന്തു വ്യവസായം തുടങ്ങാനാണ് സർക്കാർ തീരുമാനിച്ചിട്ടുള്ളത് ;

(ബി) കസാബാ ഇൻഡസ്ട്രി നടത്താമെന്ന് ഏറ്റിരുന്നവർ എന്തുകൊണ്ട് വ്യവസായം ആരംഭിച്ചില്ല എന്നു പറയാമോ ?

വ്യവസായമന്ത്രി (ശ്രീ. ടി. വി. തോമസ്) :

(എ) സ്റ്റാർച്ച്, ഗ്ലൂക്കോസ് മുതലായ ഉൽപന്നങ്ങൾക്കുവേണ്ടി ഒരു വ്യവസായസ്ഥാപനം.

(ബി) ശ്രീ. വി. പി. മേനോൻറെ മരണത്തിനുശേഷം കമ്പനിയുടെ കാര്യങ്ങൾ നോക്കുന്നതിന് മറ്റാരുമില്ലാതായതുകൊണ്ടാണ്.

കീഴ്ക്കോടതികൾ

* 262 [924] ശ്രീ. എം. എം. തോമസ് : താഴെ കാണുന്ന ചോദ്യങ്ങൾക്ക് വനവും ഹരിജനക്ഷേമവും മന്ത്രി സദയം മറുപടി നൽകുമോ :

(എ) എറണാകുളത്തെ കീഴ്ക്കോടതികൾ ഇപ്പോഴുള്ള കെട്ടിടത്തിൽ നിന്നും മാറ്റി സ്ഥാപിക്കുന്നതിന് വല്ല പരിപാടിയും ഉണ്ടോ ;

(ബി) ഉണ്ടെങ്കിൽ എങ്ങോട്ട് മാറ്റി സ്ഥാപിക്കുവാനാണ് ഉദ്ദേശിക്കുന്നത് ?

LIBRARY ARCHIVES Kerala Legislative Assembly